<u>പതിനാലാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.659</u> <u>25/05/2017-ൽ മറുപടിക്ക്</u>

**<u>വൈദ്യുതി സംരക്ഷിക്കുന്നതിനായി ബോധവത്ക്കരണ പദ്ധതി</u>**

| | <u>ചോദ്യം</u><br>ശ്രീ.പി.കെ. ശശി<br>,, ജോർജ്ജ് എം. തോമസ്<br>,, കെ. ആൻസലൻ<br>,, കാരാട്ട് റസാഖ് | | <u>ഉത്തരം</u><br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന രൂക്ഷമായ വരൾച്ച വൈദ്യുതി മേഖലയെ സാരമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ)<br><br>&<br><br>(ബി) | ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചതിനാൽ സംസ്ഥാനത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വരൾച്ച വൈദ്യുതി മേഖലയെ സാരമായി ബാധിക്കാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.<br><br>• കാലവർഷക്കുറവ് മൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുവാനായി മദ്ധ്യകാല ദീർഘകാല കരാറുകൾ മുഖേന (ഡി.ബി.എഫ്.ഒ.ഒ പ്രകാരം) 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ 2016 മുതൽ ലഭ്യമാക്കുക വഴി, ഡാമുകളിൽ വെള്ളം വേനൽക്കാലത്തേക്ക് സംഭരിയ്ക്കാൻ സാധിച്ചിട്ടുണ്ട്.<br><br>• ഇത് കൂടാതെ സംസ്ഥാനത്തിന് പുറത്തു നിന്നും വൈദ്യുതി താരതമ്യേന കുറഞ്ഞ നിരക്കിൽ കൊണ്ടു വരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300മെഗാ വാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാ വാട്ട് പീക്ക് സമയത്തും |
| (ബി) | ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധന, കടുത്ത ചൂട് തുടങ്ങിയ കാരണങ്ങളാൽ ഉപഭോഗത്തിൽ വലിയ വർദ്ധന ഉണ്ടായ സാഹചര്യത്തിൽ വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാ വാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 06.12.2016 ൽ ലഭിച്ചു തുടങ്ങി.<br>• ഹ്രസ്വകാല കരാർ അനുസരിച്ച് 01-03-2017 മുതൽ 30-6-2017 വരെ ലഭിക്കേണ്ട 200 മെഗാ വാട്ട് ലഭിക്കുന്നുണ്ട്.<br>• കൂടാതെ മാർച്ച് 2017 മുതൽ മെയ് 2017 അവസാനം വരെ 100 മെഗാ വാട്ട് വൈദ്യുതി 24 മണിക്കൂറും 100 മെഗാ വാട്ട് രാത്രി 6 മണിക്കൂറും ലഭിക്കുന്ന മറ്റൊരു ഹ്രസ്വകാല കരാർ പ്രകാരം ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്.<br>• ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി താരതമ്യേന കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ച് അൺഷെഡ്യൂൾഡ് ഇന്റർചെയിഞ്ച് വഴിയാണ് ഇപ്പോൾ നികത്തി കൊണ്ടിരിക്കുന്നത്. എന്നിരുന്നാലും എല്ലാ വേനൽ കാലത്തെയും പോലെ ഈ വർഷവും വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായുള്ള ആഹ്വാനം ദൃശ്യ - ശ്രവ്യ മാധ്യമങ്ങളിലൂടെ നൽകി വരുന്നു<br><br>ഡെൽപ്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ 2 എൽ.ഇ.ഡി ബൾബുകൾ വീതം വിതരണം ചെയ്യുന്ന പദ്ധതി നടന്ന് വരുന്നു. ഈ പദ്ധതിയിലൂടെ 1.5 കോടി ബൾബുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ 1 കോടി ബൾബുകൾ വിതരണം ചെയ്ത് കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | 2016 ഡിസംബർ 14-ന് ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ച് ഊർജ്ജ സംരക്ഷണ സന്ദേശം ഉൾക്കൊള്ളിച്ച് കാസർഗോഡ് നിന്ന് ആരംഭിച്ച് തിരുവനന്തപുരത്ത് സമാപിച്ച സൈക്കിൾ റാലി പൊതുജനങ്ങളിൽ ഊർജ്ജ സംരക്ഷണത്തെകുറിച്ചുള്ള അവബോധം വളർത്തുന്നതിന് സാധിച്ചു. എല്ലാ ജില്ലകളിലും ഊർജ്ജ സംരക്ഷണ ദിനത്തിൽ മാസ് റാലി സംഘടിപ്പിച്ചു.<br>ഇതിന് പുറമെ കെ.എസ്.ഇ.ബി. യുടെ വിവിധ ഓഫീസുകളിൽ നിലവിലുള്ള ഫാനുകൾ മാറ്റി കാര്യക്ഷമതയുള്ള 1000 ഫാനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്.<br>തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിലുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സ്വകാര്യ സ്ഥാപനങ്ങളിലും അവരുടെ അപേക്ഷ അനുസരിച്ച് എനർജി ഓഡിറ്റിംഗ് നടന്ന് വരുന്നു.<br>കൂടാതെ ഇ.എം.സി മുഖേന വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിനായി താഴെ പറയുന്ന പരിപാടികൾ നടത്തി വരുന്നു.<br>• ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിനായി വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക്ക് നടത്തി വരുന്നു.<br>• പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ,കൾ, |

| | | | |
|---|---|---|---|
| | | | സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തിവരുന്നു.<br>• വിദ്യാലയങ്ങളിലെയും വീട്ടുകളിലെയും വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ സ്മാർട്ട് എനർജി പ്രോഗ്രാം നടത്തി വരുന്നു. |
| (സി) | വൈദ്യുതി സംരക്ഷിക്കുന്നതിനും വൈദ്യുതിയുടെ ഉപഭോഗത്തിൽ സ്വയം നിയന്ത്രണം ഏർപ്പെട്ടുത്തി ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനും ജനങ്ങളുടെ സഹായ സഹകരണം അത്യന്താപേക്ഷിതമായതിനാൽ ഇതു സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്ക്കരണ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നാഷണൽ സർവ്വീസ് സ്കീം, എനർജി കൺസർവേഷൻ സൊസൈറ്റി, വിവിധ റസിഡൻസ് അസോസിയേഷനുകൾ എന്നിവരുമായി ഒത്ത് ചേർന്ന് സംസ്ഥാനത്തുടനീളം വിവിധ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കെ.എസ്.ഇ.ബി.എൽ-ന്റെ ഡി.എസ്.എം സെല്ലിന്റെ നേതൃത്വത്തിൽ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും ഉൾപ്പെട്ടുത്തി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പതിവായി നടത്തി വരുന്നു.<br>വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനായി വിവിധ പത്ര-ദൃശ്യ-സാമൂഹ്യ മാധ്യമങ്ങൾ വഴി ബോധവൽക്കരണത്തിനായുള്ള പ്രചാരണങ്ങൾ സംഘടിപ്പിക്കാറുണ്ട്. പ്രമുഖ ഉത്സവ നഗരികളിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ആ പ്രദർശന ശാലകളിലൂടെ ഊർജ്ജ സംരക്ഷണത്തിനായുള്ള ലഘു ലേഖകൾ വിതരണം ചെയ്യാറുമുണ്ട്. ദൃശ്യ മാധ്യമങ്ങൾ വഴി അതി പ്രശസ്തരായ സിനിമാ താരങ്ങളെ |

| | | | |
|---|---|---|---|
| | | | അണിനിരത്തി ഊർജ്ജ സംരക്ഷണ സന്ദേശം സംപ്രേഷണം ചെയ്തുവ ബഹുജന ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.<br>പൊതുജനങ്ങളിൽ ഊർജ്ജ സംരക്ഷണത്തിന്റെ അവബോധം സൃഷ്ടിക്കുന്നതിനായി കേരളത്തിന്റെ 140 നിയോജക മണ്ഡലങ്ങളിലും ഊർജ്ജ കിരൺ എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ എനർജി ക്ലിനിക് എന്ന പദ്ധതി പ്രകാരം സ്ത്രീകളായ ക്ലിനിക് വോളണ്ടിയർമാർ ഓരോ പഞ്ചായത്തിലും വീട്ടുകൾ സന്ദർശിക്കുകയും ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയെകുറിച്ച് വീട്ടുകാരെ ബോധവാൻമാരാക്കുകയും ചെയ്യുന്നു.<br>പൊതുജന വായനശാലകളുമായി ചേർന്ന് എല്ലാ ജില്ലകളിലും ഊർജ്ജ സംരക്ഷണത്തെകുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ